(3) കോഴിക്കോട് ജില്ലയിലെ കോളറ രോഗബാധ

ശ്രീ. എ. കെ. പത്മനാഭൻ: സർ, കോഴിക്കോടുജില്ലയിൽ കോളറ രോഗം മൂലം രണ്ടുപേർ മരണപ്പെട്ടതായ വാർത്ത ജില്ലയിലെ മുഴുവൻ ജനങ്ങളിലും ഭീതിയുളവാക്കിയിരിക്കുകയാണ്. കോഴിക്കോടുജില്ലയിലെ വിവിധ ആശുപത്രികളിൽ പ്രത്യേകിച്ചും കോഴിക്കോട് മെഡിക്കൽ കോളേജ്, ബീച്ച് ആശുപത്രി, കോട്ടപ്പറമ്പ് ആശുപത്രി എന്നിവിടങ്ങളിലായി, 54 പേരെ ഈ രോഗബാധമൂലം പ്രവേശിപ്പിക്കപ്പെട്ടതായിട്ടാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇക്കാര്യത്തിൽ ഗവൺമെൻറിന്റെ ശ്രദ്ധപതിയണമെന്നും കൂടുതലായി രോഗം പടർന്നു പിടിക്കാതിരിക്കുവാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കോഴിക്കോടും പരിസര പ്രദേശങ്ങളിലും ഉണ്ടായിട്ടുള്ള വയറിളക്കം തുടങ്ങിയ രോഗം മൂലം രണ്ടു പേർ മരിച്ചു. 5 പേരെയാണ് ഹോസ്പിറ്റലൈസ് ചെയ്തിരിക്കുന്നത്. അവരുടെ രോഗം കോളറയാണോ എന്ന് സംശയിക്കപ്പെടുന്നു. ഇനാകുലേഷൻ ഉൾപ്പെടെയുള്ള പ്രിവൻറീവ് മെഷേഴ്സ് എല്ലാം എടുത്തിട്ടുണ്ട്. രോഗബാധയുണ്ടായ പ്രദേശങ്ങളിൽ മരുന്നു തളിക്കുകയും, വീടുകളിൽ നഴ്സുമാരെ അയച്ച് ഇൻസ്ട്രക്ഷൻ കൊടുക്കുകയും ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. രോഗം കൂടുതൽ സ്ഥലത്തേയ്ക്ക് വ്യാപിക്കാതിരിക്കുന്നതിനുള്ള എല്ലാ കരുതൽ നടപടികളും സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

(4) പെരിന്തൽമണ്ണ ഗവൺമെൻറ് കോളേജിന്റെ പണി

ശ്രീ. നാലകത്തു സൂപ്പി: സർ, പെരിന്തൽമണ്ണ ഗവൺമെൻറ് കോളേജിന്റെ കെട്ടിടനിർമ്മാണത്തിൽ ഉണ്ടാവുന്ന കാലതാമസത്തെക്കുറിച്ച് ഇതിനുമുൻപും ഞാൻ ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. 1975-ലാണ് കൃത്യമായി പറഞ്ഞാൽ രണ്ട് പഞ്ചവത്സരപദ്ധതിക്കാലത്തിന് മുൻപ് ആരംഭിച്ച പെരിന്തൽമണ്ണ ഗവൺമെൻറ് കോളേജ് കെട്ടിടത്തിന്റെ എസ്റ്റിമേറ്റ്. ഉണ്ടാക്കുന്നതിനുവേണ്ടി ഒരു അഞ്ച് കൊല്ലം കൂടി കാത്തിരിക്കേണ്ടിവന്നു. 1980-ൽ അതിന്റെ എസ്റ്റിമേറ്റ് ഉണ്ടാക്കിയെങ്കിലും 1983-ലാണ് അത് ടെൻഡർ ചെയ്തതും വർക്ക് തുടങ്ങിയതും. 1983-ൽ പരേതനായ ശ്രീ. സി. എച്ച്. മുഹമ്മദ് കോയ സാഹിബ് തറക്കല്ലിട്ട് കെട്ടിടത്തിന്റെ പണി തുടങ്ങി. വീണ്ടും 3 കൊല്ലം കൂടികഴിഞ്ഞിട്ടും കോളേജ് കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ടില്ല. എന്നുള്ള ദുഃഖസത്യം ഞാൻ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ഈ കോളേജ് ഇപ്പോഴും നടക്കുന്നത് നിലവിലുള്ള ഒരു പോളിടെക്നിക്കിന്റെ വരാന്തയിലാണ്. ഇത് ആ പോളിടെക്നിക്കിന്റെ പ്രവർത്തനത്തെപ്പോലും സാരമായി ബാധിക്കുന്നതുകൊണ്ട്, കോളീജിയറ്റ് എഡ്യൂക്കേഷൻ ഡയറക്ടർക്ക് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ കത്ത് അയച്ചിരുന്നു. പ്രസ്തുത കോളേജ് അവിടെ നിന്നും അടിയന്തിരമായി മാറണമെന്നും അത് പോളിടെക്നിക്കിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുവെന്നും കാണിച്ച് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ കത്ത് അയച്ചിട്ടുണ്ടായിരുന്നു. എന്തൊക്കെയായാലും 1975-ൽ ഈ കോളേജിനോടൊപ്പം അനുവദിച്ച പല കോളേജുകളും ഇന്ന് അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. പുതിയ കെട്ടിടങ്ങളും നിലവിൽ വന്നിട്ടുണ്ട്. പെരിന്തൽമണ്ണ

LIBRARY ARCHIVES Kerala Legislative Assembly

കോളേജിനെ സംബന്ധിച്ചിടത്തോളം ഈ ദുഃഖാവസ്ഥ ഇതുവരെയും പരിഹരിച്ചിട്ടില്ല. അത് ഉടനെ പരിഹരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, പെരിന്തൽമണ്ണ കോളേജു കെട്ടിടത്തിന്റെ നിർമ്മാണത്തിൽ ഏകദേശം 60 ശതമാനത്തോളം പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. കമ്പിയുടെയും സിമന്റിന്റെയും ദൗർലഭ്യം കൊണ്ടാണ് ബാക്കിയുള്ള പണികൾ പൂർത്തിയാക്കാൻ കാലതാമസം ഉണ്ടായത്. എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇതിന്റെ ആവശ്യത്തിനുള്ള പണം ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്തായാലും ഈ വർഷം അവസാനത്തോടുകൂടി കോളേജ് കെട്ടിടത്തിന്റെ ബാക്കി പണിയും പൂർത്തിയാക്കി അത് വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശം നൽകി കഴിഞ്ഞിട്ടുണ്ട്. ആ നിലയ്ക്ക് പണികൾ വേഗത്തിൽ പൂർത്തിയാക്കാൻ കഴിയും എന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

(5) നാട്ടികയിലെ റോഡു പുറമ്പോക്കിലുള്ള കുടിയേറ്റക്കാരെ പുനരധിവസിപ്പിക്കൽ—

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: സർ, മലബാറിന്റെ ഭാഗമായിരുന്നതും തൃശ്ശൂർ ജില്ലയുടെ തീരപ്രദേശത്ത് സ്ഥിതിചെയ്യുന്നതുമായ എന്റെ നിയോജകമണ്ഡലം വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ്. അവിടെ പി. ഡബ്ലിയു. ഡി. റോഡുകളൊന്നുംതന്നെ ഇല്ല. എം. എൽ. എ. റോഡുകളായി ഞാനും എന്റെ മുൻഗാമികളും എഴുതിക്കൊടുക്കാറുള്ളത് ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡാണ്. അവിടെ ഏകദേശം 300—ഓളം കുടികിടപ്പുകാർ റോഡുപുറമ്പോക്കുകളിൽ കയറിത്താമസിക്കുകയാണ്. അതീവഗുരുതരമായ കടൽക്ഷോഭവും അതുമൂലമുണ്ടാകുന്ന പ്രളയവുംമൂലം വീടുനഷ്ടപ്പെട്ടിട്ടുള്ളവരാണ് അവിടെ കുടിയേറിത്താമസിക്കുന്നത്. ഈ 300—ഓളം വരുന്ന കുടികിടപ്പുകാരെ പുനരധിവസിപ്പിക്കുന്നതിന് 12 ഹെക്ടർ ഭൂമിയെങ്കിലുമാവശ്യമാണ്. ഏകദേശം 25 ലക്ഷം രൂപയെങ്കിലും ഇതിനാവശ്യമായിവരും. നാട്ടികയിൽ ഒരിഞ്ച് പുറമ്പോക്കുഭൂമിയും ഇല്ല. 'മിനി ഗൾഫ്' എന്നറിയപ്പെടുന്ന പ്രദേശമായതുകൊണ്ട് ഭൂമിക്ക് വലിയവിലയുമാണ്. അതുകൊണ്ട് ഗവൺമെന്റ് ഒരു പ്രത്യേകപരിഗണനവച്ചുകൊണ്ട് ഈ നിയോജകമണ്ഡലത്തിന്റെ വികസനത്തിന് ഏറ്റവും അനുപേക്ഷണീയമായ ഈ റോഡ് പി. ഡബ്ലിയു. ഡി. ഏറ്റെടുക്കുന്നതിന്റെ ഭാഗമായി 300—ഓളംവരുന്ന കുടികിടപ്പുകാരെ പുനരധിവസിപ്പിക്കുന്നതിന് 25 ലക്ഷം രൂപ അനുവദിക്കുകയോ അല്ലെങ്കിൽ അതിനാവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, നമ്മുടെ വഴിയരുകിൽ പതിനായിരക്കണക്കിനാളുകൾ താമസിക്കുന്നുണ്ട്. അവരെയെല്ലാംതന്നെ പുനരധിവസിപ്പിക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. ഒരു റോഡിലെ മാത്രം ആളുകളെ പുനരധിവസിപ്പിക്കുന്നതിന് 25 ലക്ഷം രൂപവേണമെന്ന് അദ്ദേഹം ഇവിടെ പറയുകയുണ്ടായി. ബഡ്ജറ്റിൽ ആകെ ഈയിനത്തിനുവേണ്ടി ഒന്നരക്കോടിരൂപയേ ഉള്ളൂ. അപ്പോൾ 25 ലക്ഷം രൂപ ആ സ്ഥലത്തിനുമാത്രം കൊടുക്കുന്നതെങ്ങനെയാണ്? ഒരു ജില്ലയ്ക്കുപോലും 25 ലക്ഷം രൂപ കൊടുക്കാൻകഴിയാത്ത സ്ഥിതിയാണുള്ളത്. ഘട്ടംഘട്ടമായി ഇവരെ പുനരധിവസിപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly